പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2572 5.11.2019 -ൽ മറുപടിയ്ക്ക്

## ആഭ്യന്തര ടൂറിസം വികസനം

| ചോദ്യം<br>ശ്രീ.സി. ദിവാകരൻ : | | മറുപടി<br>ശ്രീ. കടകംപള്ളി സുരേന്ദ്രൻ, സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി | |
|---|---|---|---|
| എ) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ആഭ്യന്തര ടൂറിസം വികസിപ്പിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ; എങ്കിൽ വിശദാംശം നൽകുമോ; | എ) | സംസ്ഥാനത്ത് ആഭ്യന്തര ടൂറിസം വികസിപ്പിക്കുന്നതിന് വിവിധ നടപടികൾ സ്വീകരിച്ചുവരുന്നു. ടൂറിസം വികസനത്തിനായി പ്രഖ്യാപിച്ച സമഗ്ര ടൂറിസം നയത്തിന്റെ ഭാഗമായാണ് വകുപ്പ് പ്രവർത്തിച്ചുവരുന്നത്. ടൂറിസം മേഖലയിലെ പ്രശ്നങ്ങൾ പരിഹരിക്കാനും മികച്ച ടൂറിസം കേന്ദ്രമാക്കി കേരളത്തെ ഇനിയും ഉയർത്താനും ഉതകുന്ന രീതിയിൽ കേരള ടൂറിസം റഗുലേറ്ററി അതോറിറ്റി രൂപീകരിക്കാനുള്ള നടപടിക്രമങ്ങൾ തുടങ്ങിക്കഴിഞ്ഞു. ടൂറിസം രംഗത്തെ സാധ്യതകൾ മുൻകൂട്ടിക്കാണാനും മികച്ച രീതിയിലെ പ്രവർത്തനങ്ങൾക്ക് നിർദ്ദേശങ്ങൾ ലഭ്യമാക്കുന്നതിനുമായി ടൂറിസം അഡ്വൈസറി സമിതി രൂപീകരിച്ചു.<br>ദേശീയതലത്തിൽ വിവിധ മാർക്കറ്റിംഗ് ക്യാമ്പയിനുകൾ വകുപ്പ് സംഘടിപ്പിച്ചുവരുന്നുണ്ട്. ഉത്തരേന്ത്യൻ, ദക്ഷിണേന്ത്യൻ സഞ്ചാരികളെ കേരളത്തിലേയ്ക്ക് ആകർഷിക്കാൻ "ഓഫ് സീസൺ പ്രൊമോഷൻ ക്യാമ്പയിൻ" സംഘടിപ്പിച്ചുവരുന്നു. നൂതന പരസ്യ ക്യാമ്പയിനായ 'ഹ്യൂമൺ ബൈ നേച്ചർ' വിദേശ ടൂറിസം വിപണികളിൽ സംഘടിപ്പിച്ചുവരുന്നു. നൂതന ആശയങ്ങൾ ഉൾക്കൊള്ളുന്ന വിവിധ ദേശീയ ടൂറിസം മേളകളിൽ കേരള ടൂറിസം സജീവ സാന്നിധ്യമാണ്. ഇതിനു പുറമെ രാജ്യത്തെ വിവിധ നഗരങ്ങളിൽ വകുപ്പ് ബിസിനസ്സ് മീറ്റുകൾ (റോഡ് ഷോ) സംഘടിപ്പിച്ചുവരുന്നു. |

| | | | |
|---|---|---|---|
| | | | ആഭ്യന്തര ടൂറിസം വികസിപ്പിക്കുന്നതിനായി ഓണാഘോഷം, നിശാഗന്ധി നൃത്തോത്സവം എന്നിവയ്ക്ക് ആവശ്യമായ പ്രചാരണം നൽകുന്നുണ്ട്. "കേരള ബ്ലോഗ് എക്സ്പ്രസ്" എന്ന ആശയവും ആഭ്യന്തര ടൂറിസം രംഗത്ത് പുതിയ ഒരു ആശയം തന്നെയാണ്. ചാമ്പ്യൻസ് ബോട്ട് ലീഗ്, നിശാഗന്ധി മൺസൂൺ മ്യൂസിക് ഫെസ്റ്റിവൽ എന്നിവ ആഭ്യന്തര ടൂറിസം വികസനം മുന്നിൽ കണ്ടാണ് പുതിയതായി സംഘടിപ്പിച്ചിട്ടുള്ളത്. രാജ്യത്തിനകത്ത് വിവിധ ടെലിവിഷൻ ചാനലുകൾ കേന്ദ്രീകരിച്ച് നാഷണൽ ബ്രാന്റ് ടെലിവിഷൻ ക്യാമ്പയിൻ, എയർപോർട്ട് ക്യാമ്പയിൻ തുടങ്ങിയവ ആരംഭിച്ചുകഴിഞ്ഞു. ദേശീയതലത്തിലെ മികച്ച ബ്ലോഗർമാരെ ഉൾപ്പെടുത്തി 'നാഷണൽ ബ്ലോഗ് എക്സ്പ്രസ്സും' ഈ കൊല്ലം നടപ്പിലാക്കുന്നതാണ്. ഇത്തരം ക്യാമ്പയിനുകൾ വഴി സംസ്ഥാനത്തെ ടൂറിസം മേഖല ഇനിയും മികച്ചതാക്കാൻ കഴിയുമെന്നാണ് കരുതുന്നത്. |
| ബി) | സംസ്ഥാനത്ത് ആഭ്യന്തര ടൂറിസ്റ്റുകളുടെ എണ്ണത്തിൽ വർദ്ധനവ് ഉണ്ടായിട്ടുണ്ടോയെന്ന് പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ? | ബി) | 2019 സെപ്റ്റംബർ മാസം വരെയുള്ള സ്ഥിതിവിവരക്കണക്കുകൾ ആണ് അന്തിമമാക്കിയിട്ടുള്ളത്. 2019 സെപ്റ്റംബർ മാസം വരെ 1,31,84,227 ആഭ്യന്തര വിനോദസഞ്ചാരികൾ കേരളം സന്ദർശിച്ചിട്ടുണ്ട്. ഈ കണക്കുകൾ 2018 വർഷത്തെ ഇതേ കാലയളവിലെ കണക്കുകളുമായി താരതമ്യം ചെയ്യുമ്പോൾ ആഭ്യന്തര വിനോദസഞ്ചാരികളുടെ എണ്ണത്തിൽ 18,65,377 പേരുടെ വർദ്ധനവ് രേഖപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

✓